DESPATCHED
On. 18.2.22..

15/2/22

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
**Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920**
Email: sic.ker@nic.in

**ഹർജി നമ്പർ CP.No.659(1)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.14000/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി: 2022 ഫെബ്രുവരി 15**

| | |
|---|---|
| ശ്രീ. ആർ. അനിൽകുമാർ,<br>കിടാപ്പള്ളി റോഡരുകത്ത് ഗീതാഭവൻ,<br>ഊരൂട്ടമ്പലം പി.ഒ.,<br>തിരുവനന്തപുരം – 695 507. | പരാതി ഹർജിക്കാരൻ |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>ഡെപ്യൂട്ടി കമ്മീഷണർ ഓഫ് പോലീസ്<br>(ക്രൈം & അഡ്മിനിസ്ട്രേഷൻ),<br>പോലീസ് കമ്മീഷണറുടെ കാര്യാലയം,<br>തിരുവനന്തപുരം സിറ്റി. | എതിർകക്ഷി |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 27/08/2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 29/09/2021 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 28/10/2021 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 30/10/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 26/11/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 08/12/2021 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 15/02/2022 – വീഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി (APIO) | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ആർ. അനിൽകുമാർ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് വിവരം നിഷേധിച്ച എതിർകക്ഷിയിൽ നിന്നും വിവരം നൽകാൻ കാലതാമസം വരുത്തിയതിന് ദിനം പ്രതി 500 രൂപാ ക്രമത്തിൽ പിഴ ഈടാക്കണമെന്നും, ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കി, എതിർകക്ഷിക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കണമെന്നുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

I. വിഴിഞ്ഞം പോലീസ് ക്രൈം 84/2021 കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥനായ തിരുവനന്തപുരം സിറ്റി ഫോർട്ട് സബ് ഡിവിഷൻ എ.സി.പി. മേൽപ്പടി കേസ് false ആണെന്ന് കണ്ടെത്തി കോടതിയിൽ റഫർ റിപ്പോർട്ട് ചെയ്യാൻ അനുമതിയ്ക്ക് 17.8.2021-ൽ ഹാജരാക്കിയ റഫർ റിപ്പോർട്ടിന്റെയും മൊഴികളുടെയും മറ്റ് അനുബന്ധ രേഖകളുടെയും പകർപ്പുകൾ സാക്ഷ്യപ്പെടുത്തി നൽകണമെന്നും

II. മേൽപ്പടി കേസ് അന്വേഷണം നടത്തി false ആയി കണ്ടെത്തിയ ഫോർട്ട് സബ് ഡിവിഷൻ എ.സി.പി.യുടെ പൂർണ്ണമായ പേര്, ടിയാനെ ഫോർട്ട് എ.സി.പി.യായി നിയോഗിച്ച ഉത്തരവിന്റെ പകർപ്പ്, സർവ്വീസ് ബുക്കിന്റെ മുഴുവൻ പേജിന്റെയും പകർപ്പുകൾ, ടിയാന്റെ പേരിൽ നിലവിലുള്ള അച്ചടക്കനടപടികളുടെ എണ്ണം എത്ര, അവയുടെ ഫയൽ നമ്പർ, അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥന്റെ പേര്, പദവി, ഓഫീസ് അഡ്രസ്സ് എന്നിവയും ടിയാൻ സർവ്വീസിൽ കയറിയ നാൾ മുതൽ ഇന്നുവരെയുള്ള സർവ്വീസ് കാലയളവിൽ ടിയാനെ സസ്പെന്റ് ചെയ്തെങ്കിൽ ആയതിന്റെ എണ്ണം എത്ര, അവയുടെ ഫയൽ നമ്പർ വിവരങ്ങൾ, നിലവിലെ ശമ്പളം, വിരമിക്കൽ തീയതി, ജനനതീയതി, ജാതി, മതം, വിദ്യാഭ്യാസ യോഗ്യത എന്നിവ നൽകണമെന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 29.09.2021 തീയതി എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ വിവരം ആവശ്യപ്പെട്ട കേസിന്റെ അന്വേഷണം നിലവിൽ പൂർത്തിയായിട്ടില്ലാത്തതാണെന്നും അന്വേഷണത്തിലിരിക്കുന്ന കേസിനെ സംബന്ധിക്കുന്ന വിവരത്തിന്റെ വെളിപ്പെടുത്തൽ അന്വേഷണത്തിന്റെ നടപടിക്രമത്തെ തടസ്സപ്പെടുത്തുന്നതാകയാൽ വിവരാവകാശ നിയമം സെക്ഷൻ 8(1)(എച്ച്) പ്രകാരം വെളിപ്പെടുത്തുന്നതിന് നിർവ്വാഹമില്ലാത്തതാണെന്നും, വിഴിഞ്ഞം പോലീസ് സ്റ്റേഷൻ ക്രൈം 84/2021 കേസ് അന്വേഷണം നടത്തി false ആയി കണ്ടെത്തിയ ഫോർട്ട് സബ് ഡിവിഷൻ എ.സി.പി.യുടെ സർവ്വീസ് സംബന്ധമായ വിവരങ്ങൾ ലഭ്യമാക്കാൻ നിർവ്വാഹമില്ലാത്തതാണെന്നും ടി കാര്യാലയവുമായി ബന്ധപ്പെട്ടുള്ള ഏതെങ്കിലും പ്രത്യേക ഉദ്യോഗസ്ഥനെ സംബന്ധിക്കുന്ന വിവരങ്ങൾ ആവശ്യമുള്ളപക്ഷം കൃത്യമായ പേര്, പദവി, പെൻ നമ്പർ, തുടങ്ങിയ ഉദ്യോഗസ്ഥനെ തിരിച്ചറിയത്തക്ക വിവരങ്ങൾ അപേക്ഷയിൽ വ്യക്തമാക്കേണ്ടതാണെന്നുമാണ്.

4. എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ 27.8.2021 ലെ വിവരാവകാശ അപേക്ഷ 31.8.2021 തീയതി എതിർകക്ഷി കാര്യാലയത്തിൽ ലഭിച്ചിട്ടുള്ളതാണെന്നും പ്രസ്തുത അപേക്ഷയ്ക്ക് ടി കാര്യാലയത്തിൽ ലഭ്യമായതും അനുവദനീയമായതുമായ വിവരങ്ങൾ 29.9.2021 തീയതി ജി1(എ)–54349/2021/ടി.സി. നമ്പർ പ്രകാരം ഹർജിക്കാരന് നൽകിയിട്ടുള്ളതാണെന്നും ആയത് രേഖപ്പെടുത്തിയ ഡെസ്പാച്ച് രജിസ്റ്റർ ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നും എന്നാൽ ടി മറുപടി തൃപ്തികരമല്ല എന്ന് ആക്ഷേപം ഉന്നയിച്ചു കൊണ്ട് അപേക്ഷകൻ ടി കാര്യാലയത്തിലെ അപ്പീൽ അധികാരി മുമ്പാകെ 9.10.2021 തീയതി സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കിയിട്ടുള്ളതുമാണെന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ 28.10.2021–ന് ഹാജരാക്കിയ ഹർജിയിൽ 29.9.2021–ന് എതിർകക്ഷി ടിയാന് നൽകിയ മറുപടിക്കെതിരെ ഒന്നാം അപ്പീൽ സമർപ്പിച്ചതായോ ആയത് തീർപ്പാക്കിയതായോ ഉള്ള യാതൊരു വിവരവും രേഖപ്പെടുത്തിയതായി കാണുന്നില്ല. എന്നാൽ ഹർജിക്കാരൻ 9.10.2021–ന് ഒന്നാം അപ്പീൽ നൽകിയിട്ടുള്ളതാണെന്നും ആയത് തീർപ്പാക്കിയിട്ടുള്ളതാണെന്നും എതിർകക്ഷി കമ്മീഷനിൽ ലഭ്യമാക്കിയ റിപ്പാർട്ടിൽ വ്യക്തമാക്കിയിട്ടുമുണ്ട്. ആയതിനാൽ ഒന്നാം അപ്പീൽ എപ്രകാരമാണ് തീർപ്പാക്കിയതെന്നോ ടി തീർപ്പിൽ എന്താണ് ആക്ഷേപമെന്നോ ഹർജിക്കാരൻ കമ്മീഷനിൽ അറിയിച്ചിട്ടില്ല. എന്നതിനാൽ ഇക്കാര്യത്തിൽ മറ്റ് നിർദ്ദേശങ്ങൾ ഒന്നും കമ്മീഷൻ പുറപ്പെടുവിക്കുന്നില്ല. എന്നാൽ അപേക്ഷയിൽ ആവശ്യപ്പെട്ട വിഴിഞ്ഞം പോലീസ് സ്റ്റേഷൻ ക്രൈം 84/2021 നമ്പർ കേസിന്റെ അന്വേഷണം പൂർത്തിയായിട്ടുള്ളതാണെന്ന് ഹിയറിംഗ് വേളയിൽ എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ ടി റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചത് എന്നാണെന്നുള്ളത് ഉൾപ്പെടെയുള്ള വ്യക്തമായ മറുപടി 28.2.2022–നകം ഹർജിക്കാരന് എതിർകക്ഷി നൽകണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ഈ പരാതി ഹർജി ഇന്നേ ദിവസം 2022 ഫെബ്രുവരി 15–ാം തീയതി തീർപ്പാക്കി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

us